ചെറുകിട ജലസേചന വിഭാഗത്തിൽ കഴക്കൂട്ടം സബ്ഡിവിഷനിൽ ഭരണാനുമതി ലഭിച്ച പദ്ധതികൾ

54 [233] *ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന* ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട ജലസേചന വിഭാഗത്തിൽ കഴക്കൂട്ടം സബ് ഡിവിഷനിൽ ഭരണാനുമതി ലഭിക്കുന്നതിനായി എത്ര പദ്ധതികൾ 2004-2005, 2005-2006 വർഷത്തിൽ സമർപ്പിച്ചിട്ടുണ്ട്; ഇത് ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ചെറുകിട ജലസേചന വിഭാഗത്തിൽ ഭരണാനുമതി നൽകുന്നതിന് കാലതാമസം ഉണ്ടാകുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കഴക്കൂട്ടം സബ്ഡിവിഷന് കീഴിൽ വരുന്ന പദ്ധതികൾക്ക് അടിയന്തിരമായി ഭരണാനുമതിയും ധനകാര്യാനുമതിയും നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ചെറുകിട ജലസേചന വിഭാഗത്തിൽ കഴക്കൂട്ടം സെക്ഷനിൽ സാമ്പത്തികാനുമതിക്കായി 2004-2005 സാമ്പത്തിക വർഷത്തിൽ മൂന്ന് പ്രവർത്തികളുടെയും 2005-2006 സാമ്പത്തിക വർഷത്തിൽ ഒരു പ്രവർത്തിയുടേയും എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നു. അവ താഴെ പറയുന്നു.

2004-2005 സാമ്പത്തിക വർഷം

(1) പോത്തൻകോട് പഞ്ചായത്തിലെ പുലിവീട് വാർഡിൽ കരുർ കുളത്തിന്റെ പുനരുദ്ധാരണ പ്രവർത്തികൾ.

(2) അണ്ടൂർക്കോണം പഞ്ചായത്തിൽ പറമ്പിപ്പാലം വാർഡിൽ തെടുമ്പാക്കൽ തോടിന്റെ പുനരുദ്ധാരണ പ്രവർത്തികൾ.

(3) അണ്ടൂർക്കോണം പഞ്ചായത്തിൽ പവർ ഗ്രിഡ് കോമ്പൗണ്ടിന്റെ കിഴക്കുവശത്ത് അലവൻകരി കീഴ്കരി ഏലാതോടിന്റെ സംരക്ഷണ പണികൾ.

2005-2006 സാമ്പത്തിക വർഷം

(1) ആറ്റിപ്ര പഞ്ചായത്തിൽ പുളിമുട്ടത്തിൽ തെറ്റിയാർ തോടിന്റെ സംരക്ഷണ പണികൾ.

(ബി) കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2004-2005 വർഷത്തിൽ എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്ന മൂന്ന് പ്രവർത്തികൾക്ക് സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. അവയ്ക്ക് ഉടൻ തന്നെ ഭരണാനുമതി നൽകി ദർഘാസ് വിളിച്ച് നടപ്പിലാക്കുന്ന നടപടികൾ ബന്ധപ്പെട്ട എക്സി. എഞ്ചിനീയർ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly